## പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **10.08.2017-ന് മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 1166**

## വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ പദ്ധതി

**ചോദ്യം**

ശ്രീ.റോജി എം. ജോൺ
,, അനിൽ അക്കര
,, വി.പി.സജീന്ദ്രൻ
,, കെ.സി.ജോസഫ്

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലെയും ഓരോ സ്കൂളുകളെ വീതം മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇതിനോടകം 113 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 37 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള കിഫ്ബിയുടെ ധനസഹായത്തിന് അനുമതി ലഭ്യമായിട്ടുണ്ട്. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കൂടാതെ ഹൈസ്കൂൾ ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റുക, മികച്ച പഠനാനുഭവങ്ങൾ ലഭ്യമാക്കുന്നതിന് ജൈവ വൈവിദ്ധ്യപാർക്കുകൾ സ്കൂളുകളിൽ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. അക്കാദമിക മികവ് കൈവരിക്കുന്നതിലേക്കായി

കാലാനുസൃതമായ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് അദ്ധ്യാപകർക്കാവശ്യമായ പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്നു.

| | | | |
|---|---|---|---|
| (ബി) | പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിവരിക്കുമോ; | (ബി) | 07.11.2016-ൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള രൂപരേഖ അംഗീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതനുസരിച്ച് ഒരുക്കുന്നത്; വിശദാംശം എന്തെല്ലാം; | (സി) | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികളെ ഹൈടെക് ക്ലാസ് മുറികളാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത സ്കൂളുകളുടെ ലൈബ്രറി, ലബോറട്ടറി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. അക്കാദമിക മികവ് കൈവരിക്കുന്നതിലേക്കായി പൂർണ്ണമായും ശിശുകേന്ദ്രീകൃതമായ അദ്ധ്യാപന-അദ്ധ്യയന രീതിക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കാലാനുസൃതമായ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് അദ്ധ്യാപകർക്കാവശ്യമായ പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്നു. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ഇംഗ്ലീഷ് ഭാഷാ പഠനകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. |
| (ഡി) | പദ്ധതിയനുസരിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് എം.എൽ.എ. മാർ ശുപാർശ ചെയ്തതു പ്രകാരമുള്ള സ്കൂളുകളുടെ ലിസ്റ്റ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ